കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ. 21/2026 തിരുവനന്തപുരം, തീയതി: 29/01/2026

# പത്രക്കുറിപ്പ്

## പ്രൈവറ്റ് രജിസ്ട്രേഷൻ - അപേക്ഷ തീയതി ദീർഘിപ്പിച്ചു

2025-26 അക്കാദമിക വർഷത്തിലെ ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബിബിഎ/ബികോം അഡീഷണൽ ഇലക്ടീവ് കോ – ഓപ്പറേഷൻ /ട്രാവൽ ആന്റ് ടൂറിസം എന്നീ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾക്ക് അപേക്ഷിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 16 വരെ നീട്ടിയിരിക്കുന്നു. ബിഎ/ബികോം/ബിഎ അഫ്സൽ-ഉൽ-ഉലാമ/ബികോം അഡീഷണൽ ഇലക്ടീവ് കോഴ്സുകൾക്ക് നിശ്ചിത ഫീസിനോടൊപ്പം 2625/- രൂപ പിഴയോടുകൂടിയും ബിബിഎ കോഴ്സിന് നിശ്ചിത ഫീസിനോടൊപ്പം 3150/- രൂപ പിഴയോടുകൂടിയും അപേക്ഷിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരള സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദവിവരങ്ങൾ www.de.keralauniversity.ac.in, www.keralauniversity.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ് (2013 സ്കീം), ജനുവരി 2025, ഏഴാം സെമസ്റ്റർ ഏപ്രിൽ 2025 എന്നിവയുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോർട്സ് സ്കോളർഷിപ്പ് വിതരണം

സൗത്ത് സോൺ/ഓൾ ഇന്ത്യ അന്തർ സർവകലാശാല/ഖേലോ ഇന്ത്യ മത്സരങ്ങളിൽ കേരളസർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്കുള്ള 2023-24 വർഷത്തിലെ കേരളസർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിതരണം 2026 ഫെബ്രുവരി 3 ന് കേരള യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെന്റർ, പി.എം.ജി യിൽ വച്ച് നടത്തുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ അന്നേദിവസം രാവിലെ 11 മണി മുതൽ നടക്കുന്നതാണ്. സ്കോളർഷിപ്പിന് അർഹരായിട്ടുള്ളവരുടെ പേരുവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ പ്രാക്ടിക്കൽ 2026 ഫെബ്രുവരി 4, 5 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. യു.ഐ.ടി. മുതുകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ യു.ഐ.ടി. കരുവാറ്റയിലും യു.ഐ.ടി. മുഖത്തല പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ കൊട്ടിയം ഡോൺ ബോസ്കോ കോളേജിലും 2026 ഫെബ്രുവരി 04 ന് പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## സീറ്റൊഴിവ്

കേരളസർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ) ലേക്ക് 2026

ജനുവരിയിൽ ആരംഭിക്കുന്ന പതിനാറാമത് ബാച്ചിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/തത്തുല്യം. ഫീസ് : 6500/- രൂപ. കാലാവധി : 6 മാസം. ഓൺലൈനായി അപേക്ഷിക്കുന്നതിനായി www.arabicku.in വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 5 വ്യാഴാഴ്ച്ച വൈകുന്നേരം 5 മണി. വിശദവിവരങ്ങൾക്കായി 0471-2308846/9747318105 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി (CDC) സഹകരിച്ചു നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ അഡോൾസെന്റ് പീഡിയാട്രിക് (PGDAP) ലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. M.B.B.S, M.D/DNB/MNAMS/DCH എന്നിവയിൽ കേരളസർവകലാശാല അംഗീകരിച്ച ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് കാലാവധി : ഒരുവർഷം, ഉയർന്ന പ്രായ പരിധിയില്ല. കോഴ്സ് ഫീസ് : Rs. 25,000/-, കേരളസർവകലാശാല വെബ്സൈറ്റ് (**www.keralauniversity.ac.in**) ൽ Academic → Centres → Centre for Adult Continuing Education and Extension നിന്നും അപേക്ഷാഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്. SBI ബാങ്കിൽ A/C No. 57002299878 ൽ Rs. 500/- രൂപ അടച്ച രസീത് അല്ലെങ്കിൽ CACEE ഡയറക്ടറുടെ പേരിൽ SBI ൽ നിന്ന് എടുത്ത Rs. 510/- രൂപയുടെ D.D യും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ., യൂണിവേഴ്സിറ്റി ഓഫ് കേരള, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്, പി.എം.ജി. ജംഗ്ഷൻ, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം – 695 033 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2026 ഫെബ്രുവരി 13. വിശദ വിവരങ്ങൾക്ക് CACEE : 0471-2302523, CDC : 0471-2553540.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in